## തിരുവനന്തപുരം നഗരസഭ

# കുടിവെള്ള വിതരണം : ടാങ്കറുകളുടെ രജിസ്ട്രേഷൻ നാളെ മുതൽ

**തിരുവനന്തപുരം :** പൊതുജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന കുടിവെള്ള വിതരണം ഫെബ്രുവരി ആദ്യവാരം മുതൽ പ്രാബല്യത്തിൽ വരും. ഈ പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള ടാങ്കറുകളുടെ രജിസ്ട്രേഷൻ നാളെമുതൽ(14 .01 .2020 ) ആരംഭിക്കും. നഗരസഭയും വാട്ടർ അതോറിറ്റിയും സംയുക്തമായാണ് ഈ സംരഭം നടപ്പാക്കുന്നത്.

തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ കുടിവെള്ള വിതരണവും മറ്റു വ്യാവസായിക നിർമാണ ആവശ്യങ്ങൾക്കായുള്ള ജലവിതരണം നടത്തുന്ന ടാങ്കറുകൾ ജനുവരി 22നു മുൻപ് നഗരസഭയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ് . ലൈസൻസ് എടുക്കാത്ത വാഹനങ്ങൾ അനധികൃത വാഹനങ്ങൾ ആയി കണക്കാക്കുകയും 25000രൂപ മുതൽ 50000 രൂപ വരെ പിഴ എർപ്പെടുത്തുകയും ചെയ്യുന്നതാണ്. വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുന്നത് വാട്ടർ അതോറിറ്റി ആയിരിക്കും.

രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾ നഗരസഭാ നിർദ്ദേശ അനുസരണം ബൈലോ പ്രകാരമുള്ള

സംവിധാനങ്ങൾ ഏർപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കണം.പരിശോധനക്ക് ശേഷം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ഒടുക്കേണ്ടതാണ്.ഫില്ലിംഗ് സ്റ്റേഷനുകളിലെ ജലത്തിന്റെ ഗുണ നിലവാരം പ്രതിദിനവും കുടിവെള്ള ടാങ്കറുകളിലെ ,ടാങ്കറുകളിൽ നിന്നുള്ള വാട്ടർ സാമ്പിളുകൾ മൂന്നു മാസത്തിലൊരിക്കലും ഗുണനിലവാര പരിശോധന നടത്തും.

ജലവിതരണം നടത്തുന്ന ടാങ്കറുകൾ ബുക്ക് ചെയ്യുന്നത് നഗരസഭയിലൂടെ മാത്രമായിരിക്കും ഇതിലേക്കായി നഗര സഭയുടെ സ്മാർട്ട് ട്രിവാൻഡ്രം മൊബൈൽ ആപ്പും വെബ് പോർട്ടലുമാണ് പ്രയോജന പെടുത്തുന്നത്.നഗര സഭയുടെ ഹെൽത്ത് സർക്കിൾ ഓഫീസുകൾ ,അക്ഷയ സെന്ററുകൾ ,നഗരസഭ മുഖ്യകാര്യാലയത്തിലെ കോൾ സെന്ററുകൾ എന്നിവിടങ്ങളിലും ഈ സേവനം ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും .

ജല അതോറിറ്റിയുടെ വിതരണ കേന്ദ്രങ്ങളിൽ നിന്നാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്കുടിവെള്ളം ഒഴികെ മറ്റു കൃഷി -വ്യാവസായിക ആവശ്യങ്ങൾക്കായുള്ള വെള്ളം മുട്ടത്തറയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും വൻകിട കെട്ടിടങ്ങൾ - ഫ്ലാറ്റുകൾ -വ്യാവസായിക സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എസ് ടി പി കളിൽ നിന്നും ലഭ്യം ആകുന്നതാണ്.

## ടാങ്കറുകളുടെ കുടിവെള്ളത്തിന്റെ നിരക്ക്

**Water Tanker Tariff-Drinking Water**

| Capacity | Water in Litre | Vehicle Service Charge [Rs] | KWA Water Charge [Rs] | Corporation Fee [Rs] | Total booking fee [Rs] | Pumping [Extra] [Rs] |
|---|---|---|---|---|---|---|
| Up to 2000 | 2000 | 1000 | 120 | 100 | 1220 | 100 |
| 2000-5000 | 5000 | 1200 | 300 | 100 | 1600 | 150 |
| 5001-11000 | 11000 | 1700 | 660 | 100 | 2460 | 200 |
| Above 11000 | 180000 | 2100 | 1080 | 100 | 3280 | 250 |



## ടാങ്കറുകളുടെ കുടിവെള്ളമല്ലാത്ത ജലത്തിന്റെ നിരക്ക്

**Water Tanker Tariff-Non Drinking Water**

| Capacity | Water in Litre | Vehicle Charge [Rs] | Corporation Fee[Rs] | Total Booking Fee [Rs] | Pumping [Extra] [Rs] |
|---|---|---|---|---|---|
| Up to 2000 | 2000 | 900 | 50 | 950 | 100 |
| 2000-5000 | 5000 | 1100 | 50 | 1150 | 150 |
| 5001-11000 | 11000 | 1600 | 50 | 1650 | 200 |
| Above 11000 | 180000 | 1900 | 50 | 1950 | 250 |



## ടാങ്കറുകളിൽ കുടിവെള്ളം അളന്ന് നൽകുന്ന നിരക്ക്

**Water Tanker Tariff- Drinking Water per 500 Litre**

| Sl No | Capacity | Total [Rs] |
|---|---|---|
| 1 | 500Ltr | 300 |
| 2 | 1000Ltr | 600 |
| 3 | 1500 ltr | 900 |